

# “സത്യമേവ ജയതേ”

**ഫാ.ബിജു. പി. തോമസ്**
ഡയറക്ടർ,
കൊച്ചി ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്റർ

ദൈവം എന്നും അങ്ങനെയാണ്. മനുഷ്യനെ ദൈവം എപ്പോഴും വിസ്മയിപ്പിക്കുന്നു. മനുഷ്യന്റെ പ്രതീക്ഷയേക്കാൾ വളരെ ഏറെയാണ് ദൈവത്തിന്റെ പ്രവൃത്തി. ‘പൂവ് ചോദിച്ചാൽ പൂന്തോട്ടം നൽകുന്ന’ ദൈവം. ചോദിച്ചാൽ ഉടൻ നൽകുമോ? ചോദിക്കുന്നതെല്ലാം നൽകുമോ? അത് ദൈവത്തിന്റെ നീതിയുടെ ഭാഗമാകയാൽ അതിൽ ഇടപെടേണ്ട കാര്യമില്ല. അർഹതയനുസരിച്ച് ദൈവം നൽകുന്നു. മർക്കട കരങ്ങളിൽ പൂമാല കിട്ടിയാൽ എങ്ങനെയിരിക്കും? ഉത്തരകൊറിയ, പാക്കിസ്ഥാൻ പോലെയുള്ള രാജ്യങ്ങൾ മാരകശേഷിയുള്ള ആയുധങ്ങൾ ശേഖരിക്കുന്നതിന് അന്താരാഷ്ട്ര സമൂഹം ഭയപ്പെടുന്നത് എന്തിന്? ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയില്ലുള്ള സംശയമാണ് കാരണം. നിർമ്മലവും മനോഹരവുമായ പൂന്തോട്ടം മലങ്കരയ്ക്ക് നൽകിയത് ദൈവമാണെന്ന് വിശ്വസിക്കുന്നതിനാണേറെ ഇഷ്ടം. ദൈവനീതി നീതിന്യായകോടതി അംഗീകരിച്ചു. ഉന്നത നീതിപീഠത്തിലെ സമരാധ്യനായ ഒരു ജഡ്ജ് ഒരു സന്ദർഭത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ‘തയ്യാറാക്കുന്ന എല്ലാ വിധിയിലും ദൈവഹിതം എന്തെന്ന് ഞാൻ ആരായുന്നു’ സത്യത്തിലും നീതിയിലും അടിയുറച്ച് വിശ്വസിച്ച് കാത്തിരിക്കുന്ന ഏവരോടും ദൈവം നീതികാട്ടുന്നു എന്നത് പച്ച പരമാർത്ഥം. സത്യം പ്രഖ്യാപിച്ച നീതി പീഠത്തെ, തിരിഞ്ഞു നിന്നു കൊഞ്ഞനംകുത്തി കാണിച്ചിട്ടു കാര്യമില്ല. കോടതി അലക്ഷ്യത്തിനു വേറൊരു കേസ് കൂടി ഉണ്ടാകും എന്നേയുള്ളൂ.രാജ്യത്തെ നിയമങ്ങൾ ജനങ്ങൾ പാലിക്കുന്നില്ലെങ്കിൽ കേസ്സുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കും. അതിൽ പരിഭവിച്ചിട്ടോ, പരാതിപറഞ്ഞിട്ടോ കാര്യമില്ല. ദാവൂദ് ഇബ്രാഹാമിന്റെയും ചാൾസ് ശോഭരാജിന്റെയും മറ്റും പേരിൽ എത്ര കേസുകളാണുള്ളത് ! നിയമം പാലിച്ചാൽ കേസ്സുകളുടെ എണ്ണം കുറയും. കേസ്സുകളുടെ എണ്ണം കൂടുന്നത് അത്ര അഭിമാനകരമല്ല. കേരളത്തിൽ ഏറ്റവും കൂടുതൽ കേസിന്റെ ഉടമസ്ഥനായി കടന്നു പോകുന്നത് ഒട്ടും നല്ലതല്ല.

കോടതി വിധികൊണ്ട് ലഭ്യമായ പരമ പ്രധാനമായ നേട്ടം, പ്രത്യേകിച്ച് കേരളത്തിനകത്ത്, ചുരുക്കമായി കേരളത്തിനു പുറത്തും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ച് പൊതുസമൂഹം വെച്ചു പുലർത്തിയിരുന്ന അപകീർത്തികരമായ ഒരുതരം ‘കളിയാക്കൽ’ നിലപാട് മാറുവാൻ കാരണമായി എന്നതാണ്. ‘കടിച്ചതും പോരാ പിന്നെയും നായയ്ക്ക് മുറുമുറുപ്പ്’ എന്ന അവസ്ഥയായിരുന്നു. കേസുകളും തർക്കങ്ങളുമായി ബന്ധപ്പെട്ട ശരികളെല്ലാം കൂടെ ആയിരുന്നിട്ടും പൊതുസമൂഹം ഒരു കുറ്റവാളിയെപ്പോലെ പെരുമാറി എന്നത് ഒരു നഗ്ന യാഥാർത്ഥ്യമായിരുന്നു. സഭാതർക്കവുമായി ബന്ധപ്പെട്ട കേസ്സുകളുടെ വിശദാംശങ്ങൾ അറിയാത്ത ഇത്തരക്കാർ മലങ്കര ഓർത്തഡോക്സ് സഭാ പക്ഷത്താണ് അന്യായങ്ങളെല്ലാം എന്നു കരുതിപോന്നിരുന്നു. നീതിക്കും സത്യത്തിനുമായിരുന്നു കേസുകൾ എന്ന് ഇത്തരക്കാരെ ബോധ്യപ്പെടുത്തുവാൻ ഈ വിധി കാരണം സാധ്യമായി. സഭാ മക്കളിൽ തന്നെ ഭൂരിപക്ഷം ആളുകളും തെറ്റിദ്ധാരണ വച്ചു പുലർത്തിയിരുന്നു എന്നതും സത്യമാണ്.

രണ്ടാമതായി, കേരളത്തിൽ പ്രത്യേകിച്ച്, രാഷ്ട്രീയമായും, സാംസ്കാരികമായും മതങ്ങൾക്കിടയിലും സഹോദരീ സഭകൾക്കിടയിലും മലങ്കര ഓർത്തഡോക്സ് സഭയെ ഒറ്റപ്പെടുത്തുവാൻ സംഘടിതമായ ഒരു ശ്രമം ഉണ്ടായിരുന്നു. മാധ്യമങ്ങളും അങ്ങനെ തന്നെയായിരുന്നു. പ്രത്യേകിച്ച് പ്രാദേശികവും, ദേശീയവും അന്താരാഷ്ട്രപരമായും എക്യുമെനിക്കൽ മേഖലയിൽ അത്തരം നിലപാടുകൾ ശക്തമായിരുന്നു. ഒരു കാരണവശാലും (വേദശാസ്ത്രം,ചരിത്രപരം, ഭാഷ, വേഷം...) കൂട്ടായ്മ കൂടുവാൻ സാധ്യമല്ലാത്തവർ ഇക്കാര്യത്തിൽ അടുത്ത സുഹൃത്തുക്കളായി. തെറ്റിനെ ന്യായീകരിക്കുന്നതിനും, തിന്മയെ പേറുന്നവരെ ശക്തീകരിക്കുന്നതിനും ഇത്തരക്കാർ മത്സരിക്കുന്നതാണ് കഴിഞ്ഞ രണ്ട് ദശാബ്ദം കേരളം സാക്ഷ്യം വഹിച്ചത്. രണ്ട് സഹസ്രാബ്ദം മുൻപും, ക്രിസ്തുവിനെതിരെ ‘തിന്മയുടെ ഒരു അച്ചുതണ്ട്’ പ്രവർത്തിച്ചത് വേദം കാണിച്ചുതരുന്നു. ക്രിസ്തുവിന്റെ കാര്യം കാരണം പീലാത്തോസും ഹോരോദാവും ഉറ്റ സുഹൃത്തുക്കളായി. ഇവർ പരസ്പരം കൂട്ടായ്മ ആചരിക്കുവാൻ - അത്തരം വിഭാഗങ്ങളുടെ സ്ഥാപകർ വിഭാവനം ചെയ്ത വേദശാസ്ത്രപരവും അനുഷ്ഠാനപരവുമായ കാര്യങ്ങൾപോലും ബലിയർപ്പിക്കുവാൻ തയ്യാറാകുന്നു എന്നത് വളരെ പരിഹാസ്യകരമാണ്. വ്യത്യസ്ത ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും എല്ലാം ആദരവോടെ കാണുകയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ് ഉത്തമ ജീവിതശൈലി. എന്നാൽ സ്വാർത്ഥ താൽപര്യങ്ങൾക്കായും സത്യമല്ലാത്തവയ്ക്കുമായും സ്വന്തം അസ്തിത്വം

പോലും നഷ്ടപ്പെടുത്തുന്നതിലെ ഖേദമാണ് ഇത് പരാമർശിക്കുവാൻ നിർബന്ധിക്കുന്ന ഹേതു. കാക്ക കാക്കയിലെ കാക്കത്വം നഷ്ടപ്പെടുത്തരുത്. നഷ്ടപ്പെട്ടാൽ കാക്കയല്ലാതാകും. കാക്കയ്ക്ക് കാക്കയുടേതായ ഒരഴകുണ്ട്. ആ അഴകാണ് അതിന്റെ ആകർഷണീയത. "നായ മീശവെച്ചാൽ സിംഹമാവില്ല" എന്നാണ് പഴമൊഴി.

വിധികൊണ്ട് മലങ്കരയിൽ സംജാതമാകുവാൻ പോകുന്ന കാര്യങ്ങൾ പ്രവചനാതീതമാണ്. എന്തെങ്കിലും അത്ഭുതം സംഭവിക്കുമോ എന്നറികയില്ല. കേസിന്റെ വിശദാംശങ്ങൾ കോടതി നന്നായി വ്യാഖ്യാനിച്ചു. മറ്റുള്ള കാര്യങ്ങൾ സഭാ നേതൃത്വം, വിധി നടപ്പാക്കേണ്ടതായ മാറി മാറി വരുന്ന സർക്കാരുകളുടെ സമീപനം, ജനങ്ങളുടെ ഇച്ഛാശക്തി ഇവയെ ആശ്രയിച്ചിരിക്കുന്നു. സഭാ നേതൃത്വത്തിന്റെ, വിശേഷാൽ പരിശുദ്ധ ബാവ തിരുമേനിയുടെ പക്വതയാർന്ന സമീപനം കേരള സമൂഹത്തിൽ സഭയെ സംബന്ധിച്ച് വലിയ മാന്യത സംജാതമായി എന്നത് പ്രത്യേകം പരാമർശനം അർഹിക്കുന്നു.

ലേഖനത്തിന്റെ രണ്ടാം ഭാഗത്ത് വായനക്കാരായ സഭാമക്കൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രപരവും വേദശാസ്ത്രപരവുമായ തായ്‌വേര് എത്ര ദൃഢവും സത്യസന്ധവും മാന്യവുമാണ് എന്ന് ചുരുക്കമായി വ്യക്തമാക്കുകയാണ് ലക്ഷ്യം. രണ്ടായിരം വർഷത്തെ വിശാലമായ ചരിത്രം സമുദ്രം പോലെയാണ്. സമുദ്രത്തിന്റെ കരയിൽ നിന്നുകൊണ്ട് വിലയിരുത്തുവാൻ മാത്രമേ സാധിക്കുകയുള്ളൂ. നിഗൂഢമാണ് പലതും. ആഴം കൂടുംന്തോറും കാഴ്ച ലഭിക്കാതെ കണ്ടിടത്ത് അവസാനിപ്പിക്കേണ്ടിവരും. സാധാരണക്കാർക്ക് പൊതുവായ ധാരണ ലഭിക്കുവാൻ ചുരുക്കമായി ചില കാര്യങ്ങൾ ഇവിടെ കുറിക്കുകയാണ്. ആരെയും വലുതാക്കുകയോ ചെറുതാക്കുകയോ ലക്ഷ്യമല്ല. സഭാജനം സ്വന്തം സമുദായത്തിന്റെ അസ്ഥിത്വം സംബന്ധിച്ച് വ്യക്തതയുള്ളവരും, അഭിമാനം ഉള്ളവരും, ഈ സഭയെ ഇത്രത്തോളം നയിച്ച ദൈവത്തെ സ്തോത്രത്തോടെ ആരാധിക്കുന്നവരുമാകണം എന്നതാണ് ലക്ഷ്യം. സ്വന്തം സഭയുടെ മാഹാത്മ്യം സ്വയം ഘോഷിക്കുവാൻ വിമുഖത നാം കാട്ടുന്നതിനാൽ സ്വന്തം സമുദായത്തോട് കൂറും മതിപ്പും സഭാ മക്കളിൽ കുറയുന്നു. നമ്മുടെ വിമുഖതയും അശ്രദ്ധയും കാരണം അനേകർ നമ്മുടെ പാരമ്പര്യത്തിന്റെയും, അനുഷ്ഠാനങ്ങളുടെയും, വിശ്വാസത്തിന്റെയും, ചരിത്രത്തിന്റെയും, വേഷ ഭൂഷാദികളുടേയും എല്ലാം അവകാശം ആവശ്യപ്പെടുന്ന ഒരു സാഹചര്യം ഇന്നുണ്ട്. പണവും, മാധ്യമങ്ങളും, സ്തുതിപാഠകരും മറ്റും കൂടെയുള്ളതിനാൽ അത്തരക്കാർ വിജയിക്കുകയും ചെയ്യുന്ന കാഴ്ചയാണ് ഇന്ന് കാണപ്പെടുന്നത്. സ്വന്തം സ്വത്ത് - ആത്മീകവും ഭൗതീകവും - നല്ലതുപോലെ വേലികെട്ടി ശക്തമാക്കുന്നില്ലെങ്കിൽ 'വഴിപോക്കർ' അവകാശവാദം ഉന്നയിക്കും. അത്തരക്കാർക്ക് എന്ത് കിട്ടിയാലും ലാഭമാണ്. എന്നാൽ കാലാന്തരേണ തറവാട് ശോഷിച്ച് ശൂന്യമാകും. പിന്നീട് പലതിനും തിരിഞ്ഞു നിന്ന് അവരോട് യാചിക്കേണ്ടി വരും. എല്ലാം ഉപേക്ഷിച്ച ചിലർ- പാരമ്പര്യങ്ങളെ പരിഹസിച്ച ചിലർ- ഇന്നിവയെല്ലാം അവരുടെ അഭിമാനത്തിന്റെ പ്രതീകങ്ങളാക്കി മാറ്റുന്നു. ഭൗതീക സമ്പത്ത് മാത്രമല്ല സൂചന. വിശ്വാസം, ഭാഷ, വേദശാസ്ത്രം, അനുഷ്ടാനാചാരങ്ങൾ, വേഷഭൂഷാധികൾ, ദേവാലയ നിർമ്മാണം, ചരിത്രം.... നാം സത്യം പറയുമ്പോൾ ചിലർക്ക് വേദനയുണ്ടാകും. എന്നാൽ പറയേണ്ട സത്യം പറയാതിരിപ്പാൻ കഴിയുകയില്ലല്ലോ.

## സുറിയാനി ഭാഷയെ സംബന്ധിച്ച് അല്പം വിശദീകരണം

സുറിയാനി ഭാഷയുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് ചിലർ വാചാലമാകുന്നു. ശരിയായ അറിവില്ലായ്മയാണ് കാരണം. അല്ലെങ്കിൽ തന്നെ എന്താണ്? ഇന്ന് ഭാരതീയർ ധരിക്കുന്ന പാന്റ്സ് പാശ്ചാത്യർ വഴി ലഭിച്ചതാണ്. വിദേശ മേൽക്കോയ്മ ഉപേക്ഷിച്ചതിനാൽ പാന്റ്സ് തിരികെ നൽകാൻ സാധിക്കുമോ? സുറിയാനി ഭാഷ, മലങ്കര സഭയുടെ ആരാധനയുടെ കാതലാണ്. എന്തുകൊണ്ടോ സുറിയാനിഭാഷ ആധുനിക അന്ത്യോക്യൻ ബന്ധത്തിൽ നിന്നും മൊത്തത്തിൽ ലഭിച്ചതാണ് എന്നൊരു അബദ്ധധാരണ സാധാരണക്കാരായ സഭാമക്കളും സഭാംഗങ്ങളല്ലാത്ത ആളുകളും വച്ചു പുലർത്തുന്നുണ്ട്. ആധുനിക സഭ ഉപയോഗിക്കുന്ന സുറിയാനി ഭാഷയുടെ രൂപഭാവ-ഉപയോഗപരിണാമത്തിൽ അന്ത്യോക്യൻ ബന്ധത്തിന്റെ സ്വാധീനം തള്ളുന്നില്ലെങ്കിലും അന്ത്യോക്യൻ ബന്ധം മാത്രമല്ല ആധാരം എന്നറിയുന്നത് നല്ലതായിരിക്കും. മലങ്കരയിലെ സുറിയാനി ഭാഷ ബന്ധത്തിനു കേരളത്തിലെ സഭയോളം പഴക്കം അതിനുണ്ട്. യേശുക്രിസ്തുവിന്റെയും ശിഷ്യന്മാരുടെയും യഹൂദപശ്ചാത്തലത്തിൽ ഹീബ്രൂ ആരാധനാഭാഷ ആയിരുന്നെങ്കിലും സംസാരഭാഷ 'അരമായ' ആയിരുന്നു. അരമായ, സുറിയാനിയുടെ വകഭേദവും മുൻഗാമിയുമാണ്. പാലസ്തീനായിലെ സാധാരണ ജനങ്ങൾക്ക് സംസാരഭാഷ 'അരമായ' ആയിരുന്നു. പ. തോമാശ്ലീഹായെ കേരളത്തിലേക്കാകർഷിച്ചത് കേരളത്തിൽ എബ്രായ -അരമായ ഭാഷാ പശ്ചാത്തലമുള്ള യഹൂദ കോളനികളുടെ സാന്നിധ്യമാണ്. കൊടുങ്ങല്ലൂരിലും, മാളയിലും, പാലൂരും പോലെ കേരളത്തിന്റെ

പുരാതന കേന്ദ്രങ്ങളിൽ യഹൂദന്മാർ കുടിയേറി പാർത്തിരുന്നു. ആധുനീകർക്ക് അത്ഭുതം തോന്നാം. ഇവർ എങ്ങനെയെത്തി? എന്നെത്തി? എത്താനുള്ള കാരണം എന്ത്? ചില ചരിത്ര പണ്ഡിതന്മാരുടെ വിശദീകരണം ഇപ്രകാരമാണ്.

1. ബി.സി. 605-ൽ പേർഷ്യൻ ചക്രവർത്തി ആയിരുന്ന ഷൻമനേസ്സർ ബാബിലോണിൽ നിന്നും യിസ്രായേൽ മക്കളെ അടിമകളാക്കിയപ്പോൾ കുറേപേർ രക്ഷപെട്ട് കടൽമാർഗ്ഗം കൊടുങ്ങല്ലൂരിൽ എത്തി താമസമാക്കി.
2. ബി.സി. 586-ൽ നെബുകദ്നേസ്സർ യഹൂദനാട് പിടിച്ചെടുത്തപ്പോൾ ഒരു കൂട്ടർ കേരളത്തിൽ എത്തി.
3. ബി.സി. 539-ൽ പേർഷ്യൻ രാജാവായ സൈരസ് ബാബലോൻ പിടിച്ചെടുത്തപ്പോൾ ഒരു കൂട്ടം യഹൂദന്മാർ കേരളത്തിൽ എത്തി.

കുന്നംകുളം പാലൂരിനടുത്ത് യഹൂദകുന്ന് എന്നൊരു സ്ഥലം തന്നെയുണ്ടായിരുന്നു.എ.ഡി. 45 ൽ ഹിപ്പാലസ് പുതിയ കാലവർഷകാറ്റ് കണ്ടുപിടിച്ചു. ഇത് കേരളത്തിലേക്കുള്ള യാത്ര കൂടുതൽ എളുപ്പമാക്കി. ഈ സാഹചര്യം തോമാശ്ലീഹായുടെയും കേരള യാത്ര കൂടുതൽ എളുപ്പമാക്കി. യഹൂദകുന്നിൽ യഹൂദന്മാരുടെ സുനഗോഗും ഉണ്ടായിരുന്നു. തോമാശ്ലീഹാ യഹൂദന്മാരോട് ക്രിസ്തുവിലൂടെയുള്ള രക്ഷയെ സംബന്ധിച്ച് സുവിശേഷം അറിയിച്ചു. മിശിഹായെ കാത്തിരുന്ന ജൂതകോളനി ഒന്നാകെ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. സുനഗോഗ് ദൈവമാതാവിന്റെ നാമത്തിൽ പുന:പ്രതിഷ്ഠിക്കുകയും സുറിയാനിയിൽ/അരമായ ഭാഷയിൽ വി.കുർബ്ബാന അർപ്പിക്കുകയും ചെയ്തു. സുറിയാനിയുടെ പ്രാഗ് രൂപമായ അരമായ കർത്താവിന്റെ ഭാഷയാണ്. പല നൂറ്റാണ്ടുകളിലൂടെ രൂപപരിണാമം പ്രാപിച്ചതാണ് ഇന്നത്തെ മലങ്കരയുടെ സുറിയാനിഭാഷ. സെമിറ്റിക് ഭാഷകളുടെ മാതാവായിട്ടാണ് അറമായ ഭാഷയെ പണ്ഡിതന്മാർ കുരുതുന്നത്. മിക്ക സെമിറ്റിക് ഭാഷകളും എഴുതുവാൻ ഉപയോഗിച്ച അക്ഷരങ്ങൾ അരമായയുടേതാണ് എന്നത് ചിന്തോദീപകമാണ്. ഒരു കാലത്ത് ബിസി 9-ാം നൂറ്റാണ്ടു മുതൽ വളർന്നു ശക്തിപ്രാപിച്ച ആഫ്രോ-ഏഷ്യൻ ഭാഷയാണ് അരമായ. സുറിയാനിയുടെയും അടിത്തറ അരമായയാണ് എന്നോർക്കണം. മലങ്കര സഭയുടെ അവസാനത്തെ വൈദേശീക ബന്ധം ആണ് അന്ത്യോക്യൻ സഭയുമായി ഉണ്ടായ. തോമാശ്ലീഹായിലൂടെ മലങ്കര സഭയിലെത്തിയ അരമായ ഭാഷ അലക്സാന്ത്രിയൻ സഭാ ബന്ധത്തിലൂടെയും പേർഷ്യൻ സഭ, ബന്ധത്തിലൂടെയും മറ്റും ശക്തിപ്രാപിച്ചു. (അരമായ - സുറിയാനി ഭാഷാപഠനം പിന്നീട് വിശദീകരിക്കാം.)

## മലങ്കര സഭയുടെ വൈദേശിക ബന്ധങ്ങൾ

മലങ്കര സഭയുടെ വൈദേശിക ബന്ധത്തിനു മലങ്കര സഭയോളം പഴക്കം ഉണ്ട്. അത് മാർത്തോമ്മാ ശ്ലീഹായുടെ എ.ഡി.52-ലെ വരവോളം പഴക്കമാർന്നതാണ്. തോമാശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യത്തിൽ സ്ഥാപിതമായ പേർഷ്യൻ സഭയുമായി മലങ്കര സമ്പർക്കത്തിലായിരുന്നു എങ്കിലും അലക്സാന്ത്രിയിലെ സഭയുമായിട്ടായിരുന്നു മലങ്കര സഭ കൂടുതലായും സഭപരമായ കാര്യങ്ങൾക്ക് ബന്ധപ്പെട്ടിരുന്നത്. ഭാഷാപരമായി മർക്കോസ് വഴി അലക്സാന്ത്രയിലെ സഭയ്ക്കു പരിചിതമായ അരമായ ഭാഷയും കൂടുതൽ സഹായകരമായി. പൊന്നാനി-അലക്സാന്ത്രിയ വ്യാപാരജലപാത ആ ബന്ധം കൂടുതൽ ഊഷ്മളമാക്കി. ഒന്നാം നൂറ്റാണ്ടു മുതൽ മൂന്നാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിൽ മലങ്കരയിലെ സഭ വളരെ ഊർജ്ജസ്വലമായിരുന്നു. എന്നാൽ ആ കാലഘട്ടത്തിൽ വിശാലമായ റോമാ സാമ്രാജ്യത്തിൽ ക്രൈസ്തവസഭ അടിച്ചമർത്തപ്പെടുകയായിരുന്നു എന്നോർക്കണം. അലക്സാന്ത്രിയൻ സഭ വഴിയായിരുന്നു ഭാരത സഭ പൊതുസഭയുമായി ബന്ധം പുലർത്തിയിരുന്നത് എന്നു കരുതാം. മലങ്കര സഭയുമായി അടുപ്പം പുലർത്തിയിരുന്ന മറ്റൊരു സഭ പേർഷ്യൻ സഭയാണ്. വിശദീകരണഭയത്താൽ ചുരുക്കിപ്പറയുകയാണ്.

അലക്സാന്ത്രിയൻ മെത്രാനായ പാന്തിനസ് മലങ്കരയുടെ ആവശ്യപ്രകാരം 190 ൽ സന്ദർശിച്ചതായി ട്രാവൻകൂർ സ്റ്റേറ്റ് മാനുവലിൽ പരമാർശനം ഉണ്ട്. എ.ഡി. 231 ൽ കൂടിയ ജെറുശലേം സുന്നഹദോസ് പൗരസ്ത്യ രാജ്യങ്ങളിലെ മാർത്തോമ്മാശ്ലീഹായുടെ പിന്തുടർച്ചയ്ക്കായി കിഴക്കിന്റെ കാതോലിക്കായെ നിയമിച്ചു. എ.ഡി. 225 ൽ കൂടിയ നിഖ്യ സുന്നഹദോസിൽ പേർഷ്യയുടെയും ഇന്ത്യയുടെയും പ്രതിനിധിയായി യൂഹാനോൻ മെത്രാൻ പങ്കെടുത്തു.

മലങ്കര സഭാചരിത്രത്തിലെ മറ്റൊരു മനോഹര നാഴിക കല്ലാണ് എ.ഡി. 345. തോമസ് കാന കൊടുങ്ങല്ലൂരിൽ ഒരു വലിയ സമൂഹം ക്രിസ്തുഭക്തരുമായിട്ടെത്തി. വരവിന്റെ കാരണത്തെ സംബന്ധിച്ച് പല അഭിപ്രായങ്ങളും വിശദീകരണങ്ങളും ഉണ്ട്. അദ്ദേഹത്തിന്റെയും കൂട്ടരുടെയും വരവ് കൊടുങ്ങല്ലൂർ പട്ടണം ആധുനീകമാക്കുന്നതിൽ സഹായകരമായി. സന്തുഷ്ടനായ ചേരരാജാവ് ക്രിസ്ത്യാനികൾക്ക് അനേകം മാന്യ പദവികൾ നൽകി ആദരിച്ചു. അവ ചെമ്പു തകിടിൽ എഴുതി രാജാവ് തുല്യം ചാർത്തി. തോമസ് കാനാ പേർഷ്യയിൽ നിന്നും എത്തി എന്നാണ് ചരിത്ര പണ്ധിതന്മാരുടെ അഭിപ്രായം.

മറ്റൊരു സുപ്രധാന കുടിയേറ്റം മലങ്കരയിലേക്ക് ഉണ്ടായത് മാർ സാപ്പോർ, മാർ ആഫ്രോദ് എന്നിവരുടെ നേതൃത്വത്തിൽ 9-ാം നൂറ്റാണ്ടിലാണ്. കൊല്ലം നഗരത്തിന്റെ വികസനം ഈ സംഘാഗമനം കാരണമാണ്.

പേർഷ്യൻ സഭയുമായി സജീവ സംസർഗത്തിലായത് കാരണം ആദ്യ നൂറ്റാണ്ടുകളിൽ ശക്തമായിരുന്ന അലക്സാന്ത്രിയൻ സഭാ ബന്ധം ക്രമേണ നേർത്തുവന്നു. പേർഷ്യൻ കുരിശുകൾ ഈ ബന്ധത്തിന്റെ നിത്യ നിദാന്ത സ്മാരകങ്ങളായി മലങ്കരയിൽ നിലനിൽക്കുന്നു. മലങ്കര സന്ദർശിച്ചിരുന്ന പേർഷ്യൻ മെത്രാൻമാർ സഭയുടെ ആവശ്യങ്ങൾ നടത്തി തിരികെ പോവുകയായിരുന്നു പതിവ്. പേർഷ്യൻ മെത്രാൻമാരുടെ കബറുകൾ പ്രസ്കതമായി മലങ്കരയിൽ ഇല്ല എന്നത് ഈ വാദത്തിന് ഉപോത്ബലകമാണ്. ഒരു മെത്രാപ്പോലീത്തായിൽ കേന്ദ്രീകൃതമായ സഭാഭരണ രീതി ഇല്ലായിരുന്നു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

1129-ൽ പേർഷ്യയിൽ നിന്നും യോഹന്നാൻ എന്ന മെത്രാൻ മലങ്കരയിൽ എത്തിയെന്നും അദ്ദേഹം ഒരു നെസ്തോറിയൻ ആയിരുന്നു എന്നും മക്കൻസി രേഖപ്പെടുത്തിയിരിക്കുന്നു. 1490-ൽ മലങ്കരയിൽ നിന്നും ഒരു പ്രതിനിധി സംഘം പേർഷ്യൻ കാതോലിക്കായെ സന്ദർശിച്ചു. മാർ തോമാ, മാർ യോഹന്നാൻ എന്നീ രണ്ട് മെത്രാന്മാരെ ലഭിക്കുകയും പിന്നീട് മാർ തോമാ മെസൊപ്പൊട്ടാമ്യയിലേക്ക് തിരികെ പോകുകയും ചെയ്തു. 1502-ൽ വീണ്ടും മാർ ദനഹ, മാർ ദാവീദ്, മാർ യാക്കോബ് എന്നീ മെത്രാന്മാരെയും ലഭിച്ചു.

1498-ൽ വാസ്കോഡഗാമ കോഴിക്കോട്ട് എത്തി. ഈ വരവിൽ സഭാപരമായി ഒന്നും സംഭവിച്ചില്ല. കാളിക്ഷേത്രത്തിലെ കാളി വിഗ്രഹം ദൈവമാതാവിന്റെ എന്നു കരുതി തൊഴുതുമടങ്ങി. 1500 -ൽ അൽവാറിസ് കബ്രാൾ കോഴിക്കോട്ട് എത്തി. വ്യാപാരികളായിട്ട് ഉണ്ടായിരുന്ന അറബികളുമായി വൻ സംഘർഷം ഉണ്ടായി. എന്നാൽ കൊച്ചിയിൽ വൻ സ്വീകരണം ലഭിച്ചു. ചരക്കുകൾ ശേഖരിക്കുകയും നാട്ടുകാരായ ക്രിസ്ത്യാനികളുമായി പരിചയപ്പെടുകയും ചെയ്തു. മലങ്കര സഭ പാശ്ചാത്യസഭയുമായി ആദ്യം ബന്ധപ്പെടുന്നത് ഇങ്ങനെയാണ്.

ഇക്കാലയളവിൽ മലങ്കരയുടെ ആത്മീയമായ നടത്തിപ്പിനായി മെത്രാന്മാരെ അയച്ചിരുന്നത് നിർബന്ധമായും പേർഷ്യൻ സഭമാത്രമല്ല മറിച്ച് അർമീനിയൻ സഭയുമായിരുന്നു എന്ന് വാദിക്കുന്ന ചരിത്രകാരന്മാർ ഉണ്ട്. ഇവിടെ വിശദീകരിക്കുന്നില്ല. 1547-ൽ മലങ്കരസഭയെ പാട്ടിലാക്കി റോമൻ സഭയുടെ അധീനതയിലാക്കുവാൻ ഫ്രാൻസിക്കൻ വൈദികനായ വിൻസന്റ് ഡി ലാഗോസ് കൊടുങ്ങല്ലൂരിൽ സെമിനാരി സ്ഥാപിച്ചു. 1544-ൽ ഫ്രാൻസിസ് സേവ്യർ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ മുക്കുവരുടെ ഇടയിൽ സുവിശേഷം അറിയിച്ച് ലത്തീൻ പാരമ്പര്യം മലങ്കരയിൽ സ്ഥാപിച്ചു.

1568-ൽ മാർ അബ്രഹാം പേർഷ്യയിൽ നിന്നും മലങ്കരയിൽ എത്തി. 1597 -ൽ അന്തരിച്ചു. അവിഭക്ത മലങ്കരസഭയിൽ അവസാനം സന്ദർശനം നടത്തിയ പേർഷ്യൻ മെത്രാൻ ഇദ്ദേഹമാണെന്ന് കരുതാം. കേരളത്തിൽ പോർച്ചുഗീസുകാർ ഇതിനോടകം ശക്തിപ്രാപിച്ചു. പേർഷ്യൻ സഭയിൽ നിന്നും മലങ്കരയിലേക്കുള്ള സഭാ ബന്ധത്തിനും മെത്രാന്മാരുടെ യാത്രയ്ക്കും തടസ്സം സൃഷ്ടിക്കുകയും ഉപദ്രവങ്ങൾ അഴിച്ചു വിടുകയും ചെയ്തു.

1599-ൽ ആർച്ച് ബിഷപ്പ് മെനസിസ് കൊച്ചിയിൽ എത്തി. ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടി. റോമ സഭയുടെ സ്വാധീനം മലങ്കരയിൽ ശക്തമായി. 1600-ൽ മലങ്കര സഭ പോർച്ചുഗൽ രാജാവിനു വിധേയമായി പ്രവർത്തിക്കണമെന്ന് ആജ്ഞ പുറപ്പെടുവിച്ചു. റോമിന്റെ നിയന്ത്രണത്തിൽ ശ്വാസംമുട്ടിയ മലങ്കര സഭ മെത്രാൻമാരെ അയച്ചു തരുവാൻ പൗരസ്ത്യ സഭാദ്ധ്യക്ഷൻമാർക്ക് എല്ലാം അഭ്യർത്ഥന അയച്ചു. അങ്ങനെ സൂററ്റിൽ എത്തിയ അഹത്തള്ളാ മെത്രാനെ പോർച്ചുഗീസുകാർ ബന്ധനസ്ഥനാക്കി മൈലാപൂരിലേക്ക് അയച്ചു. മൈലാപൂരിൽ നിന്ന് കൊച്ചിയിലെത്തിയ മെത്രാനെ കൊച്ചി കായലിൽ കെട്ടിതാഴ്ത്തി. ആത്മാഭിമാനം ചോദ്യംചെയ്യപ്പെട്ട മലങ്കര സഭാമക്കൾ സടകുടഞ്ഞെഴുന്നേറ്റു. കൂനൻ കുരിശ് സത്യംവഴി വിദേശ നുകം വലിച്ചെറിഞ്ഞു സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. മലങ്കര നസ്രാണി സഭ ആദ്യമായി രണ്ടായി വിഭജിക്കപ്പെട്ടു. സുശക്തയായി ഒഴുകി വന്ന മലങ്കര സഭ രണ്ടായി വഴിമാറി ഒഴുകുവാൻ തുടങ്ങി.

1665-ൽ അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് എന്ന യെറുശലേം മെത്രാൻ മലങ്കരയിലെത്തി. മാർതോമ്മാ ഒന്നാമന്റെ സ്ഥാനം ക്രമപ്പെടുത്തി. പൗരസ്ത്യ സുറിയാനി ആരാധന നടപ്പിലാക്കി. 1670 -ൽ അദ്ദേഹം കാലം ചെയ്തു. 1685-ൽ യെൽദോ മാർ ബസേലിയോസ് മഫ്രിയാന, മാർ ഈവാനിയോസ് എന്നിവർ മലങ്കരയിലെത്തി. ആ വർഷം തന്നെ മാർ ബസേലിയോസ് മഫ്രിയാൻ കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയിൽ കബറടങ്ങി. ഇദ്ദേഹത്തെ പരി.പരുമല തിരുമേനിയോടൊപ്പം മലങ്കര സഭയുടെ പരിശുദ്ധനായി പ്രഖ്യാപിച്ചു. 1708-ൽ ഗബ്രിയേൽ എന്ന നെസ്റ്റോറിയൻ മെത്രാൻ മലങ്കരയിൽ വരുകയും പിന്നീട് കോട്ടയത്ത് കബറടങ്ങുകയും ചെയ്തു. 1857-ൽ ശക്രള മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നിവർ അടങ്ങുന്ന വിദേശസംഘം എത്തി. ഈ ഗ്രീഗോറിയോസ് ആണ് മലങ്കര

മെത്രാന്റെ അനുമതി കൂടാതെ കാട്ടുമങ്ങാട്ട് ഗീവർഗീസ് റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചത്. മാർ ഈവാനിയോസ് ചെങ്ങന്നൂർ പള്ളിയിൽ 1794-ൽ കബറടങ്ങി.

1806-ൽ ക്ലോഡിയസ് ബുക്കാനൻ മലങ്കര സഭ സന്ദർശിച്ചു. 1813-ൽ കേണൽ മൺറോ വട്ടിപ്പണപ്പലിശ പുലിക്കോട്ടിൽ ജോസഫ് റമ്പാനെ സെമിനാരി നിർമ്മാണത്തിനായി ഏൽപ്പിച്ചു. 1820-ൽ ബഞ്ചമിൻ ബയ്ലി രൂപകൽപ്പന ചെയ്ത ഒരു പ്രസ്സ് പഴയസെമിനാരിയിൽ ആരംഭിച്ചു. 1833-ൽ റവ.പീറ്റ്, റവ.വുഡ്കോക്ക് എന്നീ വിദേശ മിഷനറിമാർ സുറിയാനി വിദ്യാഭ്യാസത്തിനെതിരെ പഠിപ്പിക്കുവാൻ തുടങ്ങി. 1835-ൽ കൽക്കട്ടായിലെ ബിഷപ്പ് ദാനിയേൽ വിൽസൺ മലങ്കര മെത്രാപ്പോലീത്തായെ സന്ദർശിച്ച് ആരാധനാ പരിഷ്കരണ റിപ്പോർട്ട് സമർപ്പിച്ചു. വഴങ്ങാതിരുന്നതിനെ തുടർന്ന് മലങ്കര സഭയുമായുള്ള ബന്ധം വിച്ഛേദിക്കുന്നതായി പ്രമേയം പാസ്സാക്കി. 1838-ൽ സി.എം.എസ്. മിഷനറിമാരും മലങ്കരസഭയും കൂട്ടായി കൈവശം വച്ചിരുന്ന സ്വത്തുക്കളെ സംബന്ധിച്ച് തർക്കം ആരംഭിച്ചു. 1840-ൽ കൊച്ചിൻ അവാർഡ് വിധിയെ തുടർന്ന് സി.എം.എസ് മിഷനറിമാരുമായി സ്വത്ത് വീതംവെച്ചു.

1842-ൽ പാലക്കുന്നത്ത് അബ്രഹാം മല്പ്പാന്റെ അനന്തരവൻ മാത്യൂസ് മാർ അത്തനാസിയോസ് എന്ന നാമത്തിൽ അന്ത്യോഖ്യ പാത്രിയർക്കീസിൽ നിന്നും സ്ഥാനമേറ്റു. കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളായി മലങ്കരയിൽ നിലനിൽക്കുന്ന തർക്കങ്ങൾക്കും കേസ്സുകൾക്കും പ്രശ്നങ്ങൾക്കും ആധാരം ഈ വഴിതെറ്റിയ ഉപായമാണ്. ഒരു വൈദേശിക സഭയോട് അമിത വിധേയത്വത്തിലേക്ക് ആയിപോകേണ്ട ഗതികേടിന് കാരണം ഈ അവിശുദ്ധ സംബന്ധമാണ്. പല അന്ത്യോക്യൻ മെത്രാന്മാർ- യൂയാക്കിം മാർ കൂറിലോസ്, സ്തേഫാനോസ് മാർ അത്തനാസിയോസ് മുതലായവർ പ്രശ്നപരിഹാരത്തിനായി മലങ്കരയിൽ വന്നു. 1875-ൽ അന്ത്യോഖ്യ പാത്രിയർക്കീസ് മലങ്കരയിലെത്തി. മുളന്തുരുത്തി സുന്നഹദോസിന് അദ്ധ്യക്ഷത വഹിച്ചു. അന്ത്യോഖ്യ പാത്രിയർക്കീസ് മാർ അബ്ദുള്ള 1909-ൽ മലങ്കരയിലെത്തി മലങ്കരയുടെ ലൗകീക അധികാരത്തിൽ മോഹമുണ്ടായി. ആധുനിക സഭയുടെ പ്രശ്നങ്ങൾ ഇവിടെ ആരംഭിക്കുന്നു.

## മലങ്കരയിലെ വിഭജനങ്ങൾ

മലങ്കര സഭയിലെ ആദ്യവിഭജനം റോമ സഭയുമായുള്ള ബന്ധത്തിലാണ്. ഏകദേശം ഒരു നൂറ്റാണ്ട് കാലത്തെ പരിശ്രമത്തിനുശേഷം 1599-ൽ ഉദയംപേരൂർ സുന്നഹദോസിൽ മലങ്കരസഭയെ കത്തോലിക്ക നുകത്തിൻ കീഴിലാക്കി. 1653-ൽ കൂനൻകുരിശു സത്യം വഴി ആ ബന്ധം വലിച്ചെറിയപ്പെട്ടു. മലങ്കര സഭ രണ്ടായി വിഭജിക്കപ്പെട്ടു. റോമാ സഭയെ അംഗീകരിച്ചവർ പഴയകൂറ്റുകാർ എന്നും പാരമ്പര്യവിശ്വാസത്തിൽ ഉറച്ചു നിന്നവർ പുതിയ കൂറ്റുകാർ എന്നും അറിയപ്പെടുന്നു. രണ്ടാമത്തെ വിഭജനം നവീകരണ മിഷനറിമാരുമായുള്ള ബന്ധത്തിലാണ്. അപകടം തിരിച്ചറിഞ്ഞ മലങ്കര സഭ നവീകരണ നീക്കങ്ങളെ ശക്തമായി എതിർത്തു. 1840-ൽ കൊച്ചിൻ അവാർഡ് വിധിയെ തുടർന്ന് സി.എം.എസ്. മിഷനറിമാരുമായി സ്വത്ത് വീതം വെച്ചു പിരിഞ്ഞു. മൂന്നാമത്തെ വിഭജനം നവീകരണ ആശയം മലങ്കരയിൽ തുടർന്ന് പാലകുന്നത്ത് എബ്രഹാം മൽപാൻ, മാത്യൂസ് മാർ അത്താനാസിയോസ് എന്നിവരുടെ നേതൃത്വത്തിലാണ്. വ്യവഹാരങ്ങൾ ആരംഭിച്ച് സുദീർഘമായ വ്യവഹാരത്തിന് ശേഷം 1889-ൽ റോയൽ കോടതി വിധി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന് അനുകൂലമായി വിധിച്ചതിനെ തുടർന്ന് നവീകരണക്കാർ നവീകരണസഭയെന്ന പേരിൽ പുതിയ സഖ്യമുണ്ടാക്കി പിരിഞ്ഞു.

1906-ൽ പരിശുദ്ധ അബ്ദുള്ള പാത്രിയർക്കീസ് അന്തോഖ്യ പാത്രിയർക്കീസായി സ്ഥാനമേറ്റു. 1909 ൽ അദ്ദേഹം മലങ്കര സന്ദർശിച്ചു. മലങ്കരയുടെ ലൗകീക അധികാരത്തിനായി വട്ടശ്ശേരിൽ മാർ ദിവന്നാസിയോസുമായി തർക്കം ശക്തമായി. അത്തരം നീക്കങ്ങളെ ശക്തമായി പ്രതിരോധിച്ചതിനാൽ മലങ്കര സഭയിൽ മെത്രാൻകക്ഷി, ബാവാകക്ഷി എന്നീ വിഭജനം ഉണ്ടായി. 1930-ൽ ബഥനി ആശ്രമസ്ഥാപകരിൽ പ്രമുഖനായ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം ആളുകൾ കത്തോലിക്ക സഭയിൽ ചേർന്ന് മലങ്കര റീത്ത് പ്രസ്ഥാനത്തിന് രൂപം നൽകി. 2002-ൽ ബാവാകക്ഷി സുപ്രീകോടതി വിധി പാലിക്കാതെ പുതിയ സഭയ്ക്ക് രൂപം നൽകി. യാക്കോബായ സുറിയാനി സഭ എന്ന പേരിൽ സൊസൈറ്റി രജിസ്റ്റർ ചെയ്തു.

"2017 ജൂലൈ 03 ന് സുപ്രീംകോടതി വിധി യാക്കോബായ സഖ്യത്തിന് കനത്ത തിരിച്ചടിയാണ് നൽകിയിരിക്കുന്നത്. 1934 ഭരണഘടനയ്ക്ക് നിയമസാധ്യത നൽകിയ കോടതി 2002-ലെ ഭരണഘടനയ്ക്ക് സാധ്യതയില്ലെന്നും വ്യക്തമാക്കുകയും ചെയ്യുന്നു. 2002 മാർച്ച് 20 ന് നിലവിലുണ്ടായിരുന്ന മുഴുവൻ പള്ളികൾക്കും വിധി ബാധകമാക്കുകവഴി വിധി വന്ന അഞ്ച് പള്ളികൾക്കു മാത്രമല്ല മലങ്കരയിലെ ആയിരത്തിലധികം പള്ളികൾക്കും വിധി ബാധകമായി" (മാധ്യമം, 2017 ജൂലൈ).

xxxxxxxxxxxxxx